**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 669** **11-06-2024 - ൽ മറുപടിയ്ക്ക്**

**ഖാദി നെയ്ത്ത് തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഖാദി നെയ്ത്ത് തൊഴിലാളികൾ ജോലി ചെയ്യുന്ന പല സ്ഥാപനങ്ങളും കാലപ്പഴക്കം കാരണം പുതുക്കി പണിയണമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഖാദി നെയ്ത്ത് തൊഴിലാളികൾ ജോലി ചെയ്യുന്ന കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ പ്ലാൻ പദ്ധതിയിൽ അനുവദിച്ചുതരുന്ന ഫണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ച തരുന്ന ഫണ്ടും വിനിയോഗിക്കുന്നുണ്ട്. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളും എം.എൽ.എ., എം.പി, ഫണ്ടുകളും ഉപയോഗിച്ച് പ്രസ്തുത കെട്ടിടങ്ങൾ നവീകരിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (സി) | കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളുടെ നവീകരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ, എം.പി. എന്നിവരുടെ പദ്ധതി വിഹിതത്തിൽ നിന്നും ഫണ്ട് ലഭിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ